**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4997** **20-03-2025 - ൽ മറുപടിയ്ക്ക്**

**പാഠഭാഗങ്ങൾ പൂർണ്ണമാകുന്നതിന് മുൻപ് നടത്തിയ സ്കോളർഷിപ്പ് പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ പാഠഭാഗങ്ങൾ പൂർണമായും പഠിപ്പിച്ചു തീരുന്നതിനു മുൻപ് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾ നടത്തിയതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതി നിശ്ചയിച്ചിട്ടുള്ള സിലബസ് പ്രകാരമാണ് എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷ 27.02.2025 ൽ നടത്തിയിട്ടുള്ളത്. വിവിധ പൊതുപരീക്ഷകൾ മാർച്ചിൽ നടക്കുന്നതിനാൽ എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളും മാർച്ച് മാസത്തിൽ തന്നെ നടത്തുകയെന്നത് ബുദ്ധിമുട്ടാണ്. നിശ്ചിത പാഠഭാഗങ്ങളിലെ ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തി നടത്തേണ്ട വാർഷിക പരീക്ഷയോ, 4, 7 ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളും ഹാജരാകുകയോ നിർബന്ധമായും വിജയിച്ചിരിക്കുകയോ ചെയ്യേണ്ടതായ ഒരു യോഗ്യതാ പരീക്ഷയോ അല്ല എൽ.എസ്.എസ്./ യു.എസ്.എസ്. അതിനാൽ ടി പരീക്ഷകൾ പാഠഭാഗങ്ങൾ പൂർണ്ണമായും പഠിപ്പിച്ചതിനു ശേഷം മാത്രം നടത്താവൂ എന്ന് നിഷ്കർഷിക്കാനാവില്ല. |
| (ബി) | നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും സിലബസ് അടിസ്ഥാനമാക്കി നടത്തുന്ന പ്രസ്തുത സ്കോളർഷിപ്പ് പരീക്ഷകൾ പാഠഭാഗങ്ങൾ പൂർണ്ണമായും പഠിപ്പിച്ചതിനു ശേഷം നടത്തുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതി നിശ്ചയിച്ചിട്ടുള്ള സിലബസ് പ്രകാരമാണ് എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷ 27.02.2025 ൽ നടത്തിയിട്ടുള്ളത്. വിവിധ പൊതുപരീക്ഷകൾ മാർച്ചിൽ നടക്കുന്നതിനാൽ എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളും മാർച്ച് മാസത്തിൽ തന്നെ നടത്തുകയെന്നത് ബുദ്ധിമുട്ടാണ്. നിശ്ചിത പാഠഭാഗങ്ങളിലെ ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തി നടത്തേണ്ട വാർഷിക പരീക്ഷയോ, 4, 7 ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളും ഹാജരാകുകയോ നിർബന്ധമായും വിജയിച്ചിരിക്കുകയോ ചെയ്യേണ്ടതായ ഒരു യോഗ്യതാ പരീക്ഷയോ അല്ല എൽ.എസ്.എസ്./ യു.എസ്.എസ്. അതിനാൽ ടി പരീക്ഷകൾ പാഠഭാഗങ്ങൾ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | പഠിപ്പിച്ചതിനു ശേഷം മാത്രം നടത്താവൂ എന്ന് നിഷ്കർഷിക്കാനാവില്ല. |
| (സി) | വിദ്യാർഥികളിൽ അനാവശ്യ സമ്മർദ്ദം ഉണ്ടാക്കുന്ന ഈ രീതിയിലുള്ള പരീക്ഷ ടൈംടേബിൾ ഒഴിവാക്കുന്നതിന് വരും വർഷങ്ങളിൽ ജാഗ്രത പുലർത്തുമോ; വിശദമാക്കുമോ? | (സി) | വരും വർഷങ്ങളിൽ പരീക്ഷാ ടൈംടേബിളിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ